# Malayala Manorama

## 1 August 2018

## Cheruthoni: Water level in Dam, Rain and Stream Decrease



# മഴയും നീരൊഴുക്കും കുറഞ്ഞു; ജലനിരപ്പ് ഉയരുന്നത് മെല്ലെ

**മഴ ഇനിയും കുറഞ്ഞാൽ ഷട്ടർ തുറക്കേണ്ടി വരില്ല**

**മനോരമ ലേഖകൻ**

ചെറുതോണി ● മഴയും നീരൊഴുക്കും കുറഞ്ഞതോടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പിൽ നേരിയ വർധന മാത്രം. ഇന്നലത്തെ ജലനിരപ്പ് 2396.30 അടി.

വെള്ളിയാഴ്ച വൈകിട്ടു വരെയുള്ള 24 മണിക്കൂറിനുള്ളിൽ ജലനിരപ്പു കൂടിയത് 0.3 അടി മാത്രം. കഴിഞ്ഞവർഷം ഇതേദിവസം 2321.38 അടിയായിരുന്നു.

വൈദ്യുതോൽപാദനത്തിന് ഉതകുന്ന 423.78 മില്യൺ ക്യൂബിക് അടി വെള്ളം ഇന്നലെ ഒഴുകിയെത്തിയെന്നു കെഎസ്ഇബി അധികൃതർ പറഞ്ഞു. അതേസമയം മൂലമറ്റം വൈദ്യുത നിലയത്തിൽ ഉൽപാദനം ഇന്നലെയും പൂർണതോതിൽ നടന്നു. 15.124 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇന്നലെ ഉൽപാദിപ്പിച്ചു.

ജലനിരപ്പ് 2398 അടിയിലെത്തിയാൽ പരീക്ഷണ തുറക്കൽ (ട്രയൽ റൺ) നടത്താനാണ് ഇപ്പോഴത്തെ തീരുമാനം.

ഇപ്പോഴത്തെ മഴയുടെ അളവും നീരൊഴുക്കിന്റെ തോതും കണക്കിലെടുത്താൽ ജലനിരപ്പ് 2398 എത്താൻ ഇനിയും ഒരാഴ്ചയെങ്കിലും എടുത്തേക്കും. മഴ വീണ്ടും കുറയുകയും വൈദ്യുതോൽപാദനം പൂർണമായ തോതിൽ നടക്കുകയും ചെയ്താൽ ചിലപ്പോൾ ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തേണ്ട ആവശ്യവും വരില്ലെന്ന് അധികൃതർ പറയുന്നു.

അണക്കെട്ടിന്റെ സംഭരണ ശേഷിയുടെ 92% വെള്ളമാണ് ഇപ്പോൾ ഉള്ളത്.